# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4971

**27.06.2019 ൽ മറുപടിക്ക്**

**ഐ.എ.എസ് ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം**

**ചോദ്യം:**
**ശ്രീ. റോജി എം. ജോൺ**

**ഉത്തരം:**
**പിണറായി വിജയൻ**

(എ) ഐ.എ.എസ് ഉദ്യോഗസ്ഥരുടെ മേൽ നടപടിയെടുക്കുവാനോ പിഴ ചുമത്തുവാനോ ഉള്ള അധികാരം ആൾ ഇന്ത്യ സർവ്വീസ് റൂൾസ് പ്രകാരം ആർക്കാണെന്നറിയിക്കുമോ;

(എ): ആൾ ഇന്ത്യ സർവ്വീസ് റൂൾസ് (ഡിസിപ്ലിൻ & അപ്പീൽ) റൂൾസ്, 1969 പ്രകാരം സംസ്ഥാന കേഡറിൽ ജോലി ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിന്റെ കീഴിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുമ്പോൾ കേന്ദ്ര സർക്കാരിനുമാണ് ഐ.എ.എസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പിഴ ചുമത്തുന്നതിനുമുള്ള അധികാരം. ഐ.എ.എസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ച് വിടുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്.

(ബി) മുൻ കോഴിക്കോട് കളക്ടറുടെ മേൽ ധനകാര്യ വകുപ്പ് പിഴ ചുമത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരവിലെ പിഴവ് ചൂണ്ടിക്കാട്ടി മുൻ കോഴിക്കോട് കളക്ടറുടെ കത്ത് ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

(ബി) & (സി): മുൻ കോഴിക്കോട് കളക്ടർമാരിൽ ഏതു കളക്ടറുടെ കാര്യമാണ് പരാമർശിച്ചിരിക്കുന്നത് എന്ന് ചോദ്യത്തിൽ നിന്ന് വ്യക്തമല്ല. എന്നിരുന്നാലും മുൻ കളക്ടർമാരുടെ മേൽ ഏതെങ്കിലും തരത്തിലുള്ള പിഴ ചുമത്തിയതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.